**നിയമനിർമ്മാണ കാര്യം**

**ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം:**

"  2014-ലെ കേരള മാരിടൈം ബോർഡ് ബിൽ"  പിൻവലിക്കുന്നത് സംബന്ധിച്ച പ്രമേയം

മി. സ്പീക്കർ: ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി,  അങ്ങേയ്ക്ക് ഭരണഘടനയുടെ 201-ാം അനുച്ഛേദ പ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ നിർദ്ദേശാനുസരണം ബഹുമാനപ്പെട്ട ഗവർണ്ണർ തിരിച്ചയച്ച "  2014-ലെ കേരള മാരിടൈം ബോർഡ് ബിൽ" പിൻവലിക്കണമെന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഒരു ബിൽ പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ക്രമപ്പെടുത്തുന്ന കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94 (ബി) പ്രകാരം 2017 മാർച്ച് മാസം 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ തിരിച്ചയച്ച " 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ" പിൻവലിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.